

കെ.ടി അബ്ദുർറഹീം

സദ്റുദ്ദീൻ വാഴക്കാട്

# കുറച്ചു വായിക്കുക; കൂടുതൽ ചിന്തിക്കുക

**ഏതാനും ആയത്തുകൾ പാരായണം ചെയ്യും. അവയെക്കുറിച്ച് ചിന്തിക്കും. പാടത്തും പറമ്പിലും യാത്രയിലുമൊക്കെ അതിനെക്കുറിച്ച് ചിന്തിക്കും. അങ്ങനെയാണ് പഠനം. ഖുർആനായിരിക്കും പഠനത്തിന്റെ അടിസ്ഥാനം. പ്രവാചകന്മാരുടെ ചര്യകളും ഹദീസും തഫ്സീറുകളും മറ്റു കൃതികളുമൊക്കെ പരിശോധിക്കും. അത്യാവശ്യമാണെങ്കിൽ മാത്രമേ മറ്റു പുസ്തകങ്ങളിലേക്ക് നീങ്ങാറുള്ളൂ. ഖുർആനിൽനിന്നുതന്നെ ആശയങ്ങളും ചിന്തകളും ലഭിച്ചാൽ അതൊരിക്കലും പാഴായിപ്പോകില്ല.**

**രാത്രി** പത്തുമണിയോടെ ഉറങ്ങും. രാവിലെ നാലുമണിക്ക് ഉണരും. വായന പ്രധാനമായും നടക്കുക രാവിലെയാണ്. ഏകദേശം ഏഴുമണി വരെ വായനക്കുവേണ്ടി ചെലവഴിക്കും. ഖുർആനുമായി ബന്ധപ്പെട്ടായിരിക്കും പ്രധാനമായും വായന. കൂടുതൽ വായിക്കുന്ന സ്വഭാവമില്ല. കുറച്ചു വായിക്കുക, കൂടുതൽ ചിന്തിക്കുക. ഇതാണ് വായനയുടെ കാര്യത്തിൽ ഞാൻ പിന്തുടരുന്ന രീതി.

### ഖുർആൻ അടിസ്ഥാനം

ഖുർആൻ തുടക്കം മുതൽ തുടർച്ചയായി ഓതിത്തീർക്കുകയോ ഏതെങ്കിലും സൂറത്ത് മുഴുവനായും ഓതുകയോ ചെയ്യുന്നതിനു പകരം ഏതാനും ആയത്തുകൾ പാരായണം ചെയ്യും. അവയെക്കുറിച്ച് ചിന്തിക്കും. പാടത്തും പറമ്പിലും യാത്രയിലുമൊക്കെ അതിനെക്കുറിച്ച് ചിന്തിക്കും. അങ്ങനെയാണ് പഠനം. ഖുർആനായിരിക്കും പഠനത്തിന്റെ അടിസ്ഥാനം. പ്രവാചകന്മാരുടെ ചര്യകളും ഹദീസും തഫ്സീറുകളും മറ്റു കൃതികളുമൊക്കെ പരിശോധിക്കും. അത്യാവശ്യമാണെങ്കിൽ മാത്രമേ മറ്റു പുസ്തകങ്ങളിലേക്ക് നീങ്ങാറുള്ളൂ. ഖുർആനിൽനിന്നുതന്നെ ആശയങ്ങളും ചിന്തകളും ലഭിച്ചാൽ അതൊരിക്കലും പാഴായിപ്പോകില്ല.

ഖുർആൻ കഴിഞ്ഞാൽ രണ്ടാംസ്ഥാനം ഹദീസുകൾക്കാണ്. എല്ലാ ഹദീസ് ഗ്രന്ഥങ്ങളിലും പ്രബലവും ദുർബലവുമായ ഹദീസുകൾ ഉണ്ട്. ഒരു ഹദീസ്ഗ്രന്ഥം മറ്റുള്ളവയെക്കാൾ ശ്രേഷ്ഠം എന്ന് ഞാൻ കരുതുന്നില്ല. ഇന്നു കാണുന്ന ഹദീസ് ഗ്രന്ഥങ്ങൾ നബിയുടെ കാലത്ത് ക്രോഡീകരിച്ചവയല്ല. ഏതെങ്കിലും ഒരു ഹദീസ് ഗ്രന്ഥമാണ് കൂടുതൽ നല്ലത് എന്ന് നബി(സ) പറഞ്ഞിട്ടുമില്ല. പിൽക്കാലത്ത് മഹാന്മാരും പണ്ഡിതന്മാരും ക്രോഡീകരിച്ചവയാണത്. ഏറ്റവും പ്രയോജനകരമായ ഹദീസുകൾ ഏതു ഹദീസ് ഗ്രന്ഥത്തിലാണോ ഉള്ളത് ആ ഹദീസുകളാണ് പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. ഇന്ന് സമൂഹത്തിന്

ഉപകാരപ്രദമല്ലാത്തവയെന്ന് തോന്നുന്ന ഹദീസുകളുടെ പിന്നാലെ പോകാറില്ല. അവയെ നിഷേധിക്കുകയല്ല, അല്ലാഹു അഅ്‌ലം - അല്ലാഹുവിനാണ് അത് നന്നായി അറിയുക- എന്നുമാത്രമേ അതേകുറിച്ച് പറയൂ.

പത്രം വായിക്കാൻ വേണ്ടി ഉപയോഗിക്കുക ഉച്ചഭക്ഷണത്തിന് ശേഷമുള്ള സമയമാണ്. രാവിലെ പ്രധാന തലവാചകങ്ങൾ മാത്രം നോക്കും. ഉച്ചക്കുശേഷമാണ് വിശദ വായന. പത്രം മുഴുവനായി വായിക്കാറില്ല. ആവശ്യമുള്ളതും ഉപകാരപ്രദവുമായ വാർത്തകൾ മാത്രം വായിക്കും. എഡിറ്റോറിയൽ പേജിലെ ലേഖനങ്ങൾ നിലവാരമുള്ളതാണെങ്കിൽ മാത്രം വായിക്കും.

കിട്ടിയതെല്ലാം വായിച്ചുതള്ളുന്ന സ്വഭാവം നേരത്തേതന്നെ ഉണ്ടായിരുന്നില്ല. വായിച്ചതിനെക്കുറിച്ച് ചിന്തിക്കാനാണ് കൂടുതൽ സമയംചെലവഴിക്കുക.

പുസ്തകങ്ങൾ വായിക്കുന്നതിന് രണ്ടു രീതിയുണ്ട്. ഒന്ന്, പുസ്തകം മുഴുവനായും ഓടിച്ച് വായിക്കുക. പുസ്തകത്തെ മൊത്തത്തിൽ പരിചയപ്പെടാൻ മാത്രമേ അതുവഴി സാധിക്കൂ. പഠനവും ചിന്തയുമൊന്നും നടക്കില്ല. പക്ഷേ ആ വായനയിൽനിന്നാണ് ഗൗരവത്തോടെ വായിക്കേണ്ട ഭാഗങ്ങൾ തെരഞ്ഞെടുക്കുക. പിന്നീട് ആ ഭാഗങ്ങൾ മാത്രം ചിന്തിച്ച് വായിക്കും. അതാണ് രണ്ടാമത്തെ രീതി.

### ആകർഷിച്ച പുസ്തകങ്ങൾ

സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെയും സയ്യിദ് ഖുത്ബിന്റെയും അല്ലാമാ ബാഖിർ സ്വദ്റിന്റെയും പുസ്തകങ്ങളാണ് ഏറ്റവുമധികം ആകർഷിച്ചത്. ജീവിതത്തെ വഴിതിരിച്ചുവിട്ടത് മർഹൂം സയ്യിദ് മൗദൂദി സാഹിബിന്റെ പുസ്തകങ്ങളാണ്. മുഹമ്മദ് ഖുത്ബിന്റെ ചില ലേഖനങ്ങളും യൂസുഫുൽ ഖറദാവിയുടെ ചില വീക്ഷണങ്ങളും എന്നെ ആകർഷിച്ചിട്ടുണ്ട്. ആധുനിക പണ്ഡിതന്മാരുടെ കാലത്തിന് യോജിച്ച ചിന്തകളും താൽപര്യത്തോടെ ശ്രദ്ധിക്കാറുണ്ട്. കേരളീയ പണ്ഡിതന്മാരുടെ കൃതികളിൽ കെ.സി അബ്ദുല്ല മൗലവിയുടെ *ഇബാദത്ത് ഒരു സമഗ്രപഠന*മാണ് ഏറെ ഇഷ്ടപ്പെട്ടത്.

മൗദൂദിയുടെ *ഖുത്ബാത്ത്* ഉൾപ്പെടെ മിക്ക കൃതികളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. സയ്യിദ് ഖുത്ബിന്റെ കൃതികളിൽ *ഫീദിലാലിൽ ഖുർആൻ* ആണ് ആഴത്തിൽ സ്വാധീനിച്ചത്. *അൽ മുസ്തഖ്ബലു ലിഹാദദ്ദീൻ*, *മആലിമുഫിത്ത്വരീഖ്* തുടങ്ങിയ കൃതികളും ഏറെ ഇഷ്ടപ്പെട്ടവയാണ്. *ഫീ ദിലാലിൽ ഖുർആൻ* (ഖുർആന്റെ തണലിൽ) എന്ന സയ്യിദ് ഖുത്ബിന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥം അതിന്റെ പേരുപോലെതന്നെയാണ്. ഖുർആന്റെ തണലിൽ സയ്യിദ് ഖുത്ബ് ജീവിക്കുകയാണ്. അതൊരു സാധാരണ തഫ്സീറല്ല, ഖുർആനിലൂടെയുള്ള ജീവിതമാണ്. ഓരോ ആയത്തും ആവർത്തിച്ച് വിശദീകരിക്കുന്ന ഖുത്ബ് പല പണ്ഡിതന്മാരുടെയും അഭിപ്രായങ്ങൾ ഉദ്ധരിക്കുമെങ്കിലും അവയൊക്കെ മാറ്റിവെച്ച് അവസാനം സ്വന്തം അഭിപ്രായം പറയും. അദ്ദേഹത്തിന്റെ തെളിഞ്ഞ ചിന്തയായിരിക്കും അത്.



സയ്യിദ് ഖുത്ബ്

**പരമാധികാരം അല്ലാഹുവിന് എന്ന തത്ത്വത്തിൽ ഊന്നിക്കൊണ്ടാണ് സയ്യിദ് ഖുത്ബിന്റെ രചനകളെല്ലാം. അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ ഉയർത്തിപ്പിടിക്കുന്നതാണ് അദ്ദേഹത്തിന്റെ കൃതികൾ. അതിലൊരു വിട്ടുവീഴ്ചക്കും അദ്ദേഹം തയാറായിട്ടില്ല. ഇസ്‌ലാമിൽ ഭരണാധികാരികളും രാഷ്ട്രീയക്കാരും സാമ്രാജ്യത്വശക്തികളും കാണുന്ന അപകടം പരമാധികാരം അല്ലാഹുവിനാണ്– അൽ ഹാകിമിയ്യത്തുലില്ലാഹ് –എന്നതാണ്. ഈ വശം മാറ്റിവെച്ചാൽ ഇസ്‌ലാമിനെ എല്ലാ രാജാക്കന്മാരും അംഗീകരിക്കും, എല്ലാ രാഷ്ട്രീയക്കാർക്കും സ്വീകാര്യമാകും.**

പരമാധികാരം അല്ലാഹുവിന് എന്ന തത്ത്വത്തിൽ ഊന്നിക്കൊണ്ടാണ് സയ്യിദ് ഖുത്ബിന്റെ രചനകളെല്ലാം. അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ ഉയർത്തിപ്പിടിക്കുന്നതാണ് അദ്ദേഹത്തിന്റെ കൃതികൾ. അതിലൊരു വിട്ടുവീഴ്ചക്കും അദ്ദേഹം തയാറായിട്ടില്ല. *ഫീ ദിലാലിൽ ഖുർആനി*ലും ഈ വശം നിറഞ്ഞുനിൽക്കുന്നുണ്ട്. സൂറത്തുൽ *മാഇദ*യിലെ ഹുക്മുമായി ബന്ധപ്പെട്ട ആയത്തുകൾ വിശദീകരിക്കുമ്പോൾ ഖുത്ബ് പറയുന്നത്, 'അഖ്തറുഖദിയത്തിൻ മിൻഖദായൽ അഖീദത്തിൽ ഇസ്‌ലാമിയ്യ' എന്നാണ്. 'ഇസ്‌ലാമികാദർശത്തിലെ അപകടകരമായ ഭാഗമാണിത്' എന്നർഥം. ഇസ്‌ലാമിൽ ഭരണാധികാരികളും രാഷ്ട്രീയക്കാരും സാമ്രാജ്യത്വശക്തികളും കാണുന്ന അപകടം പരമാധികാരം അല്ലാഹുവിനാണ്- അൽ ഹാകിമിയ്യത്തുലില്ലാഹ് -എന്നതാണ്. ഈ വശം മാറ്റിവെച്ചാൽ ഇസ്‌ലാമിനെ എല്ലാ രാജാക്കന്മാരും അംഗീകരിക്കും, എല്ലാ രാഷ്ട്രീയക്കാർക്കും സ്വീകാര്യമാകും. ഇന്നും ഹാകിമിയ്യത്തിന്റെ വിഷയം ഉയർത്തിപ്പിടിക്കുന്നവർ ഇസ്‌ലാമിന്റെ പ്രതിയോഗികളാൽ രൂക്ഷമായി വിമർശിക്കപ്പെടുന്നത് ഇസ്‌ലാമിന്റെ ഏറ്റവും പ്രധാനപ്പെട്ട വശമാണത് എന്നതുകൊണ്ടാണ്.

സയ്യിദ് ഖുത്ബ് ഏതെങ്കിലും വ്യക്തികളെ നിരൂപണം ചെയ്യുകയാണെങ്കിൽ അവരുടെ മഹത്വം എടുത്തു പറഞ്ഞുകൊണ്ടാണത് ചെയ്യുക. ചിന്തകനായ അരിസ്റ്റോട്ടിലിനെക്കുറിച്ച് പറയുമ്പോൾ 'റജ്‌ലുൻ അളീം' (മഹാനായ മനുഷ്യൻ) എന്നു പറഞ്ഞുകൊണ്ടാണ് ഖുത്ബ് അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ നിരൂപണം ചെയ്തിട്ടുള്ളത്. ഖുത്ബ് ഏതു വിഷയം അവതരിപ്പിക്കുമ്പോഴും അത് ചെറുവർത്തമാനമാകില്ല, കഴമ്പുള്ള, ആശയഗാംഭീര്യമുള്ള വർത്തമാനമായിരിക്കും. വിപ്ലവകരമായ ചിന്തകളാണ് ഖുത്ബിന്റെ ഏറ്റവും വലിയ പ്രത്യേകത.

### പൗരാണിക കിതാബുകളുടെ പരിമിതികൾ

ലോകത്ത് ഇപ്പോൾ നിലവിലുള്ള, അറബിഭാഷയിലുള്ള പൗരാണിക കിതാബുകൾ പലതും ഉമവി, അബ്ബാസി, ഉസ്മാനി ഭരണകാലത്ത് രചിക്കപ്പെട്ടവയാണ്. രാജഭരണമായിരുന്നു അക്കാലത്ത് നിലനിന്നിരുന്നത്. അതുകൊണ്ടുതന്നെ രാജാധിപത്യത്തിന്റെ സ്വാധീനം അക്കാലത്ത് രചിക്കപ്പെട്ട പുസ്തകങ്ങളിൽ സ്വാഭാവികമാണ്. അതിൽനിന്ന് വ്യത്യസ്തമായി രചിക്കപ്പെട്ട പുസ്തകങ്ങളുണ്ട്. അവയുടെ രചയിതാക്കൾ കടുത്ത പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്. ഇമാം അബൂഹനീഫ, ഇമാം ഗസ്സാലി, അല്ലാമ ഇബ്നു

തൈമിയ്യ തുടങ്ങിയ പലരെയും പീഡിപ്പിച്ചത് മുസ്‌ലിം പേരുള്ള ഭരണാധികാരികളായിരുന്നു. എന്തുകൊണ്ടാണ് മഹാന്മാരായ മദ്ഹബിന്റെ ഇമാമുകൾ ജയിലിൽ അടക്കപ്പെട്ടത്? 'ഇസ്‌ലാമിന്റെ ഖലീഫമാർ' എന്ന് അവകാശപ്പെട്ട ഭരണാധികാരികളാണ് ഇസ്‌ലാമിലെ മഹാപണ്ഡിതന്മാരെ ജയിലിലടച്ചത്. ഭരണാധികാരികൾക്ക് വഴങ്ങാത്ത പണ്ഡിതന്മാരെ പീഡിപ്പിക്കുകയാണവർ ചെയ്തത്. രാജാക്കന്മാർക്ക് വഴങ്ങിയവർക്ക് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചു. അവർ അക്കാലത്ത് എഴുതിയ കൃതികൾക്ക് പലതരം പരിമിതികളുമുണ്ട്. അത്തരത്തിൽ, പഴയ കാലത്ത് എഴുതപ്പെട്ട പല അറബി കിതാബുകളും മൗലികമായ ചിന്തക്കും ഈ കാലഘട്ടത്തിലെ ഇസ്‌ലാമിക പ്രബോധനത്തിനും പ്രയോജനകരമാവില്ല എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അത്തരം പുസ്തകങ്ങൾക്കു പിന്നാലെ ഞാൻ അധികം പോകാറില്ല. അവയിൽനിന്ന് ഉപയോഗപ്പെടുന്നവ മാത്രം സ്വീകരിക്കും.

മുസ്‌ലിം ഭരണം നിലനിൽക്കുന്ന കാലത്ത്, മുസ്‌ലിംകൾ മഹാഭൂരിപക്ഷമുള്ള സമൂഹങ്ങളിൽ എഴുതപ്പെട്ട പുസ്തകങ്ങൾ, ആധുനിക കാലഘട്ടത്തിലെ ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിനെ അവതരിപ്പിക്കാൻ പര്യാപ്തമല്ല. എന്നു മാത്രമല്ല അവയിലുള്ള പല കാര്യങ്ങളും ബഹുസ്വരസമൂഹത്തിൽ പറയാൻ പാടില്ലാത്തതുമാണ്. ഈ പരിമിതിയെ മറികടക്കാൻ യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക ഭൂഖണ്ഡങ്ങളിലെ ബഹുസ്വര സമൂഹത്തെ മുമ്പിൽ കണ്ടുകൊണ്ട് ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി ആധുനിക പണ്ഡിതന്മാർ പുതിയ പുസ്തകങ്ങൾ രചിക്കേണ്ടതുണ്ട്. വായനക്കിടയിൽ എനിക്ക് ബോധ്യപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട കാര്യമാണിത്.

വായനക്കിടയിൽ ഏറെ വേദനിപ്പിച്ച മറ്റൊരു സംഗതി പുസ്തകങ്ങളിലെ ആവർത്തന വിരസതയാണ്. ഒരു തഫ്സീറെടുത്ത് വായിച്ചാൽ മറ്റു തഫ്സീറുകളിൽ ഒരു ആയത്തിനെ വിശദീകരിച്ച് പറഞ്ഞതൊക്കെ ഈ തഫ്സീറിലും ഏതാണ്ടങ്ങനെത്തന്നെ ഉദ്ധരിച്ചിട്ടുണ്ടാകും. ശേഷം അദ്ദേഹം തന്റെ വീക്ഷണവും പറയും. മറ്റു ഗ്രന്ഥങ്ങളിൽ പറഞ്ഞ വാചകങ്ങൾ തന്നെ തന്റെ ഗ്രന്ഥത്തിലും എന്തിനാണദ്ദേഹം ഉദ്ധരിക്കുന്നത്. വേണമെങ്കിൽ മറ്റു മുഫസ്സിറുകളുടെ വീക്ഷണം ഇന്നതാണെന്നു മാത്രം പറയാം. അവയിൽനിന്ന് നീണ്ട വാചകങ്ങളോ ഖണ്ഡികകളോ ഉദ്ധരിക്കേണ്ട ആവശ്യമില്ല. അത്തരമൊരു ശൈലി സ്വീകരിച്ചിരുന്നെങ്കിൽ ഇന്നുകാണുന്ന മിക്ക തഫ്സീറുകളും മറ്റു കിതാബുകളുമൊക്കെ എത്രയോ ചുരുങ്ങിക്കിട്ടുമായിരുന്നു. ആധുനിക പണ്ഡിതന്മാരുടെ രചനകളിലും ഈ ആവർത്തന വിരസത കാണുന്നുണ്ട്. ഉദ്ധരണികളാൽ നിറഞ്ഞുനിൽക്കുന്നവയാണ് അറബിയിലും മലയാളത്തിലും ഇറങ്ങിക്കൊണ്ടിരിക്കുന്ന പല കൃതികളും. മൗലികമായ ചിന്തകൾ വളരെ വിരളമാണ് (ഉദ്ധരണികൾ ഉൾപ്പെടുത്തി എഴുതേണ്ട ചില പുസ്തകങ്ങൾ ഉണ്ടാകും. അതിനെക്കുറിച്ചല്ല ഇപ്പറയുന്നത്). ഒരു പണ്ഡിതൻ എഴുതിയതിൽനിന്ന് രണ്ടാമതൊരാൾ ഉദ്ധരിക്കും. രണ്ടാമത്തെ ആളുടേതിൽനിന്ന് പിന്നെയും കുറേ പേർ ഉദ്ധരിക്കും.


സയ്യിദ് മൗദൂദി

**ഉദ്ധരണികൾ നിറഞ്ഞ ആവർത്തനവിരസമായ അനേകം പുസ്തകങ്ങൾ മുസ്‌ലിം ലോകത്തിന്റെ മഹത്തായ വൈജ്ഞാനിക ശേഖരങ്ങളാണ് എന്നാണ് ആളുകൾ ധരിച്ചിരിക്കുന്നത്. യഥാർഥത്തിൽ അവയിലുള്ള കാമ്പ് മാത്രം ആറ്റിക്കുറുക്കിയെടുത്താൽ ഒന്നോ രണ്ടോ അലമാരയിൽ സൂക്ഷിക്കാനുള്ള പുസ്തകങ്ങളേ ഉണ്ടാകൂ. സമർഥനായ ഒരു പണ്ഡിതൻ ഒരു വിഷയത്തിലുള്ള അനേകം ഗ്രന്ഥങ്ങളിലെ ആശയങ്ങൾ ആവർത്തന സ്വഭാവമില്ലാതെ ക്രോഡീകരിച്ചാൽ ഒന്നോ രണ്ടോ കൃതികളായി ആ വിഷയത്തിലെ പുസ്തകങ്ങൾ ചുരുങ്ങും.**

ഇങ്ങനെ ഉദ്ധരണികൾ നിറഞ്ഞ ആവർത്തനവിരസമായ അനേകം പുസ്തകങ്ങൾ മുസ്‌ലിം ലോകത്തിന്റെ മഹത്തായ വൈജ്ഞാനിക ശേഖരങ്ങളാണ് എന്നാണ് ആളുകൾ ധരിച്ചിരിക്കുന്നത്. യഥാർഥത്തിൽ അവയിലുള്ള കാമ്പ് മാത്രം ആറ്റിക്കുറുക്കിയെടുത്താൽ ഒന്നോ രണ്ടോ അലമാരയിൽ സൂക്ഷിക്കാനുള്ള പുസ്തകങ്ങളേ ഉണ്ടാകൂ. സമർഥനായ ഒരു പണ്ഡിതൻ ഒരു വിഷയത്തിലുള്ള അനേകം ഗ്രന്ഥങ്ങളിലെ ആശയങ്ങൾ ആവർത്തന സ്വഭാവമില്ലാതെ ക്രോഡീകരിച്ചാൽ ഒന്നോ രണ്ടോ കൃതികളായി ആ വിഷയത്തിലെ പുസ്തകങ്ങൾ ചുരുങ്ങും. മുസ്‌ലിം സമൂഹത്തിന്റെ വൈജ്ഞാനിക ഗവേഷണമേഖല അനാവശ്യമായ പല വിഷയങ്ങളിലും ചർച്ചകളിലും പരിമിതപ്പെട്ടുപോയിരിക്കുന്നുവെന്നാണ് വായനയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. പുതിയ ചിന്തകൾ രൂപപ്പെട്ടുവരുന്നതിനും അത് വലിയൊരളവിൽ തടസ്സമായിട്ടുണ്ട്. അതുകൊണ്ടു തന്നെ അത്തരം കിതാബുകളിൽ ചടഞ്ഞുകൂടാതെ ഖുർആൻ പഠിക്കുകയും ചിന്തിക്കുകയും അതിന് സുന്നത്തിന്റെ സഹായം സ്വീകരിക്കുകയുമാണ് ചെയ്യാറുള്ളത്.

ഒരു ഉദാഹരണം പറയാം: വിശുദ്ധ ഖുർആൻ, ആദം നബി(അ)യുടെ രണ്ടു മക്കളുടെ ചരിത്രം പറയുന്നുണ്ട്. ഒരു തർക്കത്തിനൊടുവിൽ ഒരാൾ മറ്റൊരാളെ കൊല്ലുകയാണുണ്ടായത്. എന്നാൽ എന്തായിരുന്നു അവർക്കിടയിലുണ്ടായിരുന്ന തർക്കം എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഒരു പെണ്ണിനെ വിവാഹം കഴിക്കുന്നതിനെ ചൊല്ലിയായിരുന്നു വഴക്കിട്ടതെന്നാണ് ഒരു അഭിപ്രായം. എനിക്ക് ഗവേഷണ പഠനങ്ങളിൽനിന്ന് മനസ്സിലായത് മറ്റൊരു കാര്യമാണ്. ഒരാൾ കർഷക മുതലാളിയായിരുന്നു. മറ്റേയാൾ ഇടയനും. മേധാവിത്വം ആർക്കാണ് എന്നതായിരുന്നു ഇരുവരും തമ്മിലുള്ള തർക്കവിഷയം. മുതലാളിയായിരുന്നയാൾ ആധിപത്യത്തിനുവേണ്ടി വാദിച്ചു. മുതലാളിത്തത്തിന്റെ തുടക്കമായിരുന്നു അത്. നയിച്ച് ശീലമുള്ളയാൾ എന്ന നിലക്ക് ഇടയനായിരുന്നു 'ഖലീഫ'യാകാൻ യോഗ്യൻ. കർഷക മുതലാളി അതംഗീകരിച്ചില്ല. തർക്കം പരിഹരിക്കാൻ 'ഖുർബാൻ' സമർപ്പിച്ചു. മുതലാളിയുടേത് സ്വീകരിച്ചില്ല. അങ്ങനെ അപരനെ അദ്ദേഹം കൊന്നു. മുതലാളിത്തത്തിന്റെ പേരിലുള്ളതായിരുന്നു ആദ്യത്തെ കൊലപാതകം! ഇന്നോളം ലോകത്തിന്റെ ചരിത്രവും അതാണ്.

ഖുർആൻ പല വിഷയങ്ങളും അവതരിപ്പിക്കുന്നത് വിശദാംശങ്ങളില്ലാതെയാ

ണ്. ചിന്തിക്കാനും ഗവേഷണം നടത്താനുമുള്ള ഇടം ഖുർആൻ ബാക്കി വെച്ചിട്ടുണ്ട്. ഖുർആനിലൂടെ അല്ലാഹു മനുഷ്യനെ ചിന്തിക്കാനും ബുദ്ധി ഉപയോഗിക്കാനും ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനം ചെവികൊള്ളേണ്ടത് മുസ്‌ലിം ഉമ്മത്തിന്റെ ബാധ്യതയാണ്; പണ്ഡിതന്മാരുടെയും പൊതുസമൂഹത്തിന്റെയും.

### പുതിയ വീക്ഷണങ്ങൾ

പഠനത്തിന്റെയും ഗവേഷണത്തിന്റെയും ഫലമായി ചിലപ്പോൾ നമുക്ക് പുതിയ ചിന്തകളും വീക്ഷണങ്ങളും ലഭിക്കും. പലപ്പോഴും ഈ കാഴ്ചപ്പാടുകൾ പരമ്പരാഗതമായി പുലർത്തിവരുന്ന ധാരണകൾക്ക് എതിരായിരിക്കും. അതുകൊണ്ടുതന്നെ ചിന്തയിലൂടെ രൂപപ്പെടുന്ന പുതിയ വീക്ഷണങ്ങൾ ജനങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നതിനു മുമ്പ് അതിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കും. ചിലപ്പോൾ അത് മാസങ്ങളും വർഷങ്ങളും തന്നെ നീണ്ടുനിൽക്കും. ഇന്നു തോന്നിയ പുതിയ ഒരു വീക്ഷണം നാളെത്തന്നെ പ്രസംഗത്തിൽ പറയുന്ന സ്വഭാവമില്ല. നമ്മുടെ നാവ് ഒരിക്കലും നമ്മുടെ ചിന്തയുടെ മുമ്പിലാകാൻ പാടില്ല. മനസ്സും മസ്തിഷ്കവും ഉപയോഗിച്ച് ചിന്തിക്കുകയും ആലോചിക്കുകയും ചെയ്ത ശേഷമേ ഏതൊരു വിഷയവും നാവിന് കൈമാറാൻ പാടുള്ളൂ. അതിനെതിരായ സമീപനം സ്വീകരിക്കുന്നവർ അതിന്റെ പ്രയാസം അനുഭവിക്കുന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. സംഘടനാ നേതൃത്വത്തിലുള്ളവരാണ് അങ്ങനെ ചെയ്യുന്നതെങ്കിൽ അവർ പറയുന്നതിന്റെ ഫലം വ്യക്തിയിൽ പരിമിതമാകില്ല, സംഘടനയും അനുഭവിക്കേണ്ടിവരും.

പുതിയ നിരീക്ഷണം രൂപപ്പെടുത്തുമ്പോൾ അതിന്റെ നാനാവശങ്ങളെയും കുറിച്ച് നിരൂപണ ബുദ്ധിയോടെ ആലോചിക്കും. ഖുർആനും സുന്നത്തും മുമ്പിൽവെച്ച് പഠിക്കും. ശരിയാണെന്ന് ഉത്തമബോധ്യം വന്നശേഷം മാത്രമേ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയുള്ളൂ.

ഏതൊരു വിഷയത്തെക്കുറിച്ചുമുള്ള ചിന്തയുടെ അടിസ്ഥാനം അത് ഖുർആനുമായി യോജിക്കുന്നുണ്ടോ ഇല്ലേ എന്നതാണ്. ഖുർആനിൽ അല്ലാഹു പറഞ്ഞതിന് എതിരായ കാര്യമാണെങ്കിൽ പിന്നെ അതിനെക്കുറിച്ച് ചിന്തിക്കില്ല. അതവിടെ അവസാനിപ്പിക്കും. ഖുർആനിന്റെ നസ്സ്വുള്ള ഒരു വിഷയത്തിന് എതിരായി ഹദീസുകൾ വന്നാൽ ആ ഹദീസു



ടി. മുഹമ്മദ്

**പുസ്തകങ്ങളിലേക്ക്, അവയുടെ ആശയങ്ങളിലേക്ക് ആഴ്ന്നിറങ്ങിയ വായനയായിരുന്നു ടി.എമ്മിന്റെ പ്രത്യേകത. ഗവേഷണ മനസ്സോടെ ഗഹനമായി വായിച്ചതിന്റെ ഫലമായി മൗലികമായ ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. ഉയർന്ന ആശയങ്ങളാണ് അദ്ദേഹം അവതരിപ്പിക്കുക. ടി.എം ആരുടെയും മുഖല്ലിദായിരുന്നില്ല, ഒരു മുജ്തഹിദ് തന്നെയായിരുന്നു. എല്ലാ വിഷയങ്ങളിലും സ്വന്തമായ അഭിപ്രായങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നു.**

കളും സ്വീകരിക്കില്ല. ഖുർആനിക ആയത്തുകളുടെ വിശദീകരണമായാണ് ഹദീസുകൾ അവലംബിക്കുക. ചിന്തയുടെ ഒന്നാമത്തെ അടിസ്ഥാനമാണ് ഖുർആൻ. രണ്ടാമത്തേത് പ്രവാചകന്റെ സുന്നത്തും. ഏതുവിഷയത്തിലും ഈ കാലത്ത് ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതാണോ എന്ന കാര്യമാണ് പരിഗണിക്കുന്ന പ്രധാനവശം. സമൂഹത്തിന് ഉപകാരപ്രദമല്ലാത്ത ഒരു ആശയത്തെക്കുറിച്ച് നാം ചിന്തിക്കേണ്ടതില്ല. പുസ്തകങ്ങൾ വായിക്കുമ്പോഴും ഈ വശം പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ജനങ്ങൾക്ക് പ്രയോജനം ചെയ്യാത്ത ആശയങ്ങൾ പറയുന്ന പുസ്തകങ്ങൾ അത് എത്ര വലിയ പണ്ഡിതൻ എഴുതിയതാണെങ്കിലും വായിച്ച് സമയം കളയാറില്ല. പ്രയോജനകരമായ അറിവ് നേടുക എന്നതാണ് വായനയുടെ അടിസ്ഥാനം. നബി(സ) പഠിപ്പിച്ച പ്രാർഥനയും അങ്ങനെയാണ്. 'നാഥാ, പ്രയോജനകരമായ അറിവ് എനിക്ക് വർധിപ്പിച്ചു തരേണമേ!


### പണ്ഡിതന്മാരുടെ വിശാലമനസ്സ്

പുതിയ ചിന്തകളും കാഴ്ചപ്പാടുകളും അവതരിപ്പിക്കുമ്പോൾ സമൂഹം പൊതുവെ അതിനെ സ്വാഗതം ചെയ്യും. കഴിഞ്ഞകാലങ്ങളിൽ എഴുതപ്പെട്ട കിതാബുകളിൽനിന്നു മാത്രം അറിവ് നേടിയ, ബുദ്ധിയും ചിന്തയും വികസിച്ചിട്ടില്ലാത്ത, ഗവേഷണ മനസ്സ് വേണ്ടതുപോലെ ഇല്ലാത്ത ആളുകൾക്ക് പുതിയ കാഴ്ചപ്പാടുകൾ അസ്വസ്ഥതയുണ്ടാക്കും. മുമ്പു കാലം മുതലേ ഉള്ളതാണിത്. ഇമാം അബൂഹനീഫയെക്കുറിച്ച് ചിലർക്കുള്ള പരാതി തന്നെ, അദ്ദേഹം സാങ്കൽപിക മസ്അലകൾ ഉണ്ടാക്കുന്ന ആളാണ് എന്നതായിരുന്നു. അദ്ദേഹത്തിന്റെ വലിയ ചിന്തകളെ ഉൾക്കൊള്ളാൻ ചിലയാളുകൾക്ക് കഴിഞ്ഞിരുന്നില്ല. സംഘടിത നമസ്കാരത്തിൽ ഇമാം ഫാത്തിഹ ഓതിയാൽ മതി, മഅ്മൂമുകൾ ഫാത്തിഹ ഓതേണ്ടതില്ല എന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഉദാഹരണം. ഈ വിഷയത്തെക്കുറിച്ച് ചോദിക്കാൻ പത്തു പേർ ഒരുമിച്ച് അബൂഹനീഫയുടെ അടുത്തു ചെന്നു. എന്തിനാണ് വന്നതെന്നന്വേഷിച്ചപ്പോൾ ഒരാൾ വിഷയം പറഞ്ഞു. അദ്ദേഹം ബാക്കി ഓരോരുത്തരോടും അവരെന്തിനാണ് വന്നതെന്ന് ചോദിച്ചു. മഅ്മൂം ഫാത്തിഹ ഓതുന്ന വിഷയം ചോദിക്കാനാണെന്ന് അവർ ഓരോരുത്തരും മറുപടി പറഞ്ഞു. 'എങ്കിൽ നിങ്ങൾ പത്തുപേരും ആ ചോദ്യം ചോദിക്കണം' എന്നായി അബൂഹനീഫ. അവർ പറഞ്ഞു: "ഞങ്ങൾക്കെല്ലാം വേണ്ടിയാണ് ആദ്യത്തെ ആൾ ചോദിച്ചത്, പന്നെ ഞങ്ങളോരോരുത്തരും ചോദിക്കേണ്ടതില്ലല്ലോ!" ഉടൻ വന്നു അബൂഹനീഫയുടെ മറുപടി: "അതുതന്നെയാണ് ഞാനും പറയുന്നത്. ജമാഅത്ത് നമസ്കാരത്തിൽ നിങ്ങൾക്കെല്ലാവർക്കും വേണ്ടിയാണ് ഇമാം ചോദിക്കുന്നത്. പിന്നെ പിന്നിലുള്ളവരെല്ലാം ഫാത്തിഹ ഓതേണ്ടതില്ല." ബുദ്ധിപൂർവകമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ചിന്തക്ക് പ്രാധാന്യം കൊടുത്തിരുന്നതിനാൽ 'റഅ്യി'ന്റെ ആൾ എന്നതായിരുന്നു അദ്ദേഹത്തിനെതിരായ മറ്റൊരു ആരോപണം. അതുന്നയിച്ചത്, ചിന്തക്ക് പ്രാധാന്യം കൊടുക്കാത്ത, ആരോ എഴുതിവെച്ചതിന്റെ പിന്നാലെ പോവുകയും

ഉദ്ധരണികളിൽ ജീവിക്കുകയും ചെയ്യുന്നവരായിരുന്നു.

പറയാനും കേൾക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടാകണം. ഒരാൾക്ക് തന്റെ വീക്ഷണങ്ങൾ അവതരിപ്പിക്കാനും മറ്റേയാൾക്ക് അത് കേൾക്കാനും അതിനോട് യോജിക്കാനും വിയോജിക്കാനും സ്വാതന്ത്ര്യമുണ്ട്. എനിക്ക് സഹിക്കാൻ കഴിയാത്ത വീക്ഷണമാണ് ഒരാൾ അവതരിപ്പിക്കുന്നതെങ്കിലും അത് കേൾക്കാൻ കഴിയണം. പിന്നീട് കാരണങ്ങൾ നിരത്തി അതിനോട് വിയോജിക്കാം. അത് വൈകാരികമാകരുത്. ബുദ്ധിപൂർവകമാവണം. ഒരു ഹദീസിൽ നബി അഞ്ചു കാര്യങ്ങൾ കൽപിച്ചതായി കാണാം. 'കേൾക്കുക, അനുസരിക്കുക....', 'കേൾക്കാനുള്ള മനസ്സുണ്ടാകണം' എന്നാണ് ആദ്യം പറഞ്ഞത്. ഒരാൾ പറയുന്ന കാര്യം എനിക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. എന്നതുകൊണ്ട് അത് തെറ്റാകണമെന്നില്ല, അതുകൊണ്ടുമാത്രം അയാളത് പറയാൻ പാടില്ല എന്നുമില്ല. എനിക്ക് മനസ്സിലാകാത്തതും ഉൾക്കൊള്ളാനാകാത്തതും മറ്റുള്ളവർക്ക് മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിഞ്ഞെന്നിരിക്കും. അങ്ങനെയാണ് ഞാൻ ചിന്തിക്കാറുള്ളത്. വീക്ഷണങ്ങൾ തള്ളാനും കൊള്ളാനും സ്വാതന്ത്ര്യമുണ്ട്. അല്ലാഹുവിന്റെ ദീൻ സ്വീകരിക്കാനും തിരസ്കരിക്കാനും അല്ലാഹുതന്നെ മനുഷ്യർക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. പടച്ചവൻ നൽകിയ ഈ സ്വാതന്ത്ര്യം പടപ്പുകൾ തമ്മിലും വകവെച്ചുകൊടുക്കണം. അപ്പോൾ ഭിന്ന വീക്ഷണമുള്ളവർക്കിടയിൽ, വിശേഷിച്ചും പണ്ഡിതന്മാർക്കിടയിൽ സഹിഷ്ണുത വളരും. ആരോഗ്യകരമായ ആശയസംവാദങ്ങളും ചർച്ചകളും നടക്കും.

വിശാല വീക്ഷണം ഏറ്റവും കൂടുതൽ ഉണ്ടാകേണ്ടത് പണ്ഡിതന്മാർക്കിടയിലാണ്. മറ്റുള്ളവരുടെ അഭിപ്രായങ്ങളോട് വിയോജിപ്പുള്ളപ്പോൾതന്നെ അതിന് വലിയ പ്രാധാന്യവും ആദരവും കൽപിക്കണം. ചെറിയ ഒരാളുടെ അഭിപ്രായത്തെ പോലും പരിഗണിക്കണം. പണ്ഡിതന്മാർക്കിടയിലാണ് അഭിപ്രായങ്ങളെ ആദരിക്കുന്ന സമീപനം ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത്. സുബ്ഹിക്ക് ഖുനൂത്ത് സുന്നതാണ് എന്ന തന്റെ അഭിപ്രായത്തെ അബൂഹനീഫയുടെ അഭിപ്രായം മാനിച്ചുകൊണ്ട് മാറ്റിവെക്കാൻ കഴിയുന്ന ഇമാം ശാഫിഈ മറ്റുള്ളവരുടെ അഭിപ്രായത്തിന് നൽകേണ്ട പരിഗണനയുടെയും ആദരവിന്റെയും സ്വഭാവമാണ് നമ്മെ പഠിപ്പിക്കുന്നത്. ഇത്തരം ധാരാളം സംഭവങ്ങൾ നമുക്ക് കാണാം. ചിന്തയും പ്രവർത്തനങ്ങളും സങ്കുചിതമാകുമ്പോഴാണ് ഈ വിശാല മനസ് നഷ്ടപ്പെടുക. നാം നമ്മിൽ ഒതുങ്ങുകയോ നാം മറ്റു പലതിലേക്കും ചുരുങ്ങുകയോ ചെയ്യുമ്പോൾ നമ്മുടെ മനസ്സും ആശയവും ചുരുങ്ങിപ്പോകും. അപ്പോഴാണ് അസഹിഷ്ണുത ഉടലെടുക്കുക. ഈയൊരു മനസ് വരാതിരിക്കാനും മറ്റുള്ളവരെ ആദരിക്കാനും അവരുടെ വീക്ഷണങ്ങൾ കേൾക്കാനും പരമാവധി ശ്രദ്ധ പുലർത്താറുണ്ട്.




***ഫീ ദിലാലിൽ ഖുർആൻ* (ഖുർആന്റെ തണലിൽ) എന്ന സയ്യിദ് ഖുത്വ്ബിന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥം അതിന്റെ പേരുപോലെതന്നെയാണ്. ഖുർആന്റെ തണലിൽ സയ്യിദ് ഖുത്വ്ബ് ജീവിക്കുകയാണ്. അതൊരു സാധാരണ തഫ്സീറല്ല, ഖുർആനിലൂടെയുള്ള ജീവിതമാണ്. ഓരോ ആയത്തും ആവർത്തിച്ച് വിശദീകരിക്കുന്ന ഖുത്വ്ബ് പല പണ്ഡിതന്മാരുടെയും അഭിപ്രായങ്ങൾ ഉദ്ധരിക്കുമെങ്കിലും അവയൊക്കെ മാറ്റിവെച്ച് അവസാനം സ്വന്തം അഭിപ്രായം പറയും. അദ്ദേഹത്തിന്റെ തെളിഞ്ഞ ചിന്തയായിരിക്കും അത്.**

## ടി.എമ്മിന്റെ വായന

നമ്മുടെ ആദ്യകാല പ്രവർത്തകർ നല്ല വായനാ ശീലമുള്ളവരായിരുന്നു. എന്റെ അനുഭവത്തിൽ ഏറ്റവും നല്ല വായനാശീലം ടി. മുഹമ്മദ് സാഹിബിലാണ് കണ്ടിട്ടുള്ളത്. ഗവേഷണ മനസോടെയായിരുന്നു അദ്ദേഹത്തിന്റെ വായന. ഏകാഗ്രത അദ്ദേഹത്തിന്റെ വായനയുടെ എടുത്തു പറയേണ്ട സവിശേഷതയാണ്. വായിച്ചുകൊണ്ടിരിക്കെ നാം ചെന്ന് സലാം പറഞ്ഞാൽ അദ്ദേഹം സലാം മടക്കും. പക്ഷേ, നാം വന്നത് അദ്ദേഹം അറിഞ്ഞിട്ടുണ്ടാകില്ല. ഇങ്ങനെ പുസ്തകങ്ങളിലേക്ക്, അവയുടെ ആശയങ്ങളിലേക്ക് ആഴ്ന്നിറങ്ങിയ വായനയായിരുന്നു ടി.എമ്മിന്റെ പ്രത്യേകത. ഗവേഷണ മനസ്സോടെ ഗഹനമായി വായിച്ചതിന്റെ ഫലമായി മൗലികമായ ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. ഉയർന്ന ആശയങ്ങളാണ് അദ്ദേഹം അവതരിപ്പിക്കുക. ടി.എം ആരുടെയും മുഖല്ലിദായിരുന്നില്ല, ഒരു മുജ്തഹിദ് തന്നെയായിരുന്നു. എല്ലാ വിഷയങ്ങളിലും സ്വന്തമായ അഭിപ്രായങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നു.

പണ്ഡിതരും നേതാക്കളും മാത്രമല്ല ജമാഅത്ത് പ്രവർത്തകരും നന്നായി വായിക്കുന്നവരും ചിന്തിക്കുന്നവരുമായിരുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങൾ മാത്രമല്ല മറ്റു പ്രസിദ്ധീകരണങ്ങളും വായിക്കും. ബീഡിത്തൊഴിലാളികളുടെ കഥ മുമ്പ് പറഞ്ഞിട്ടുണ്ട്. ഒരാൾ വായിക്കുകയും മറ്റുള്ളവർ ബീഡി തെരച്ചുകൊണ്ടുതന്നെ വായിക്കുന്നത് കേട്ടുകൊണ്ടിരിക്കുകയും ചെയ്യും. പഴയകാല പ്രവർത്തകരുടെ ഏറ്റവും നല്ല ഗുണമായിരുന്നു വായന. പ്രസ്ഥാന സാഹിത്യങ്ങൾ ആഴത്തിൽ വായിച്ചു പഠിക്കും. ജമാഅത്തിന്റെ ആശയാദർശങ്ങളെയും നയപരിപാടികളെയും കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് അതിലൂടെ വളർത്തിയെടുക്കും. പ്രസ്ഥാനത്തെക്കുറിച്ച് ആര് ചോദ്യങ്ങൾ ഉന്നയിച്ചാലും മറുപടി പറയാൻ പ്രവർത്തകർക്ക് സാധിച്ചിരുന്നു. ഒരു പുസ്തകം ഒരു രാത്രികൊണ്ട് വായിച്ചു തീർക്കുന്ന പ്രവർത്തകർ ഉണ്ടായിരുന്നു. എറണാകുളത്ത് ഒരിക്കൽ ജമാഅത്തിന്റെ ഒരു പുസ്തക പ്രദർശനം നടത്തി. അന്ന് 'ജമാഅത്തെ ഇസ്‌ലാമി ബുക് സ്റ്റാൾ' എന്നാണ് പേര് പറയാറുണ്ടായിരുന്നത്. ജമാഅത്തിനെ പഠിച്ചുകൊണ്ടിരിക്കുന്ന പുതിയ ഒരു പ്രവർത്തകൻ അവിടെ വന്നു. ഒരു പുസ്തകമെടുത്ത് മറിച്ചു നോക്കി. അത് വായിക്കാൻ തോന്നി, വായിച്ചു തുടങ്ങി. നിന്ന നിൽപിൽതന്നെ പുസ്തകം മുഴുവനായും വായിച്ചുതീർത്തു. പുസ്തകത്തിന്റെ അവസാന പേജും വായിച്ച ശേഷമാണ് അദ്ദേഹം ഇരുന്നത്. ഇങ്ങനെ പുസ്തകങ്ങ

ളും *പ്രബോധന*വും വായിച്ചു പഠിച്ച പ്രവർത്തകരാണ് പ്രസ്ഥാനത്തിന്റെ കരുത്ത്.

ജമാഅത്തിന്റെ നേതൃത്വത്തിലേക്ക് എത്തുകയോ നാസിമുകളാവുകയോ ചെയ്താൽ പിന്നെ വായിക്കാൻ സമയം വളരെ കുറവായിരിക്കും. പലരുടെയും അനുഭവം അതാണ്. യഥാർഥത്തിൽ നേതൃത്വത്തിലിരിക്കുന്നവർക്കാണ് കൂടുതൽ പഠനവും വായനയും വേണ്ടത്. പ്രവർത്തനങ്ങളുടെ ആധിക്യത്തിനിടയിൽ വായന നഷ്ടപ്പെടുകയോ കുറഞ്ഞു പോവുകയോ ചെയ്താൽ വൈജ്ഞാനികമായ അടിത്തറ തകരും. അത് പിന്നീട് പ്രസ്ഥാനത്തെതന്നെ പ്രതികൂലമായി ബാധിക്കും. വിവിധ സന്ദർഭങ്ങളിൽ നാസിമായിരുന്നപ്പോഴും വായനയും പഠനവും മുടങ്ങാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നാസിമായിരിക്കുമ്പോൾ ദീർഘദൂരം യാത്ര ചെയ്യേണ്ടിവരും. അതുകൊണ്ട് യാത്രാവേളകൾ വായനക്കുവേണ്ടി ഉപയോഗിക്കുകയായിരുന്നു പതിവ്. ട്രെയിനിലും ബസ്സിലും ബസ്സ്റ്റാന്റിലുമൊക്കെ വെച്ച് ധാരാളം വായിച്ചിട്ടുണ്ട്. എങ്ങനെയാണെങ്കിലും വായന നിലച്ചു പോകാതിരിക്കാൻ ശ്രദ്ധിക്കും. വായന കുറഞ്ഞതിന്റെ അടയാളങ്ങൾ ഇന്ന് നമുക്കിടയിൽ വ്യക്തമായി അനുഭവപ്പെടുന്നുണ്ട്. ചുരുക്കം ചിലരെ ഒഴിച്ചുനിർത്തിയാൽ, സജീവമായി പ്രവർത്തിക്കുന്നവർ പോലും വായനയിൽ പിറകിലാണ്. ഒരു സജീവ പ്രവർത്തകനോട് *പ്രബോധനം* വാരിക വായിച്ചോ എന്ന് ചോദിച്ചാൽ 'അതെ' എന്ന് ഉത്തരം കിട്ടാൻ പ്രയാസമാണ്. മുഖപത്രം പോലും മനസ്സിരുത്തി വായിക്കാൻ കഴിയാതിരിക്കുക വലിയ പോരായ്മ തന്നെയാണ്. ഖുർആൻ പഠിക്കുക എന്ന സ്വഭാവം ഖുർആൻ ഓതുക എന്നതിലേക്ക് മാറിയപ്പോൾ ഖുർആനുമായുള്ള ബന്ധം നമുക്ക് നഷ്ടപ്പെട്ടു. 'ഭക്തി' നിലനിർത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെ, ഖുർആൻ എന്താണെന്ന് മനസ്സിലാക്കാതെ പോകുന്നതാണ് സമുദായത്തിന്റെ അവസ്ഥ. 'ഖുർആൻ ഭക്തി' നിലനിൽക്കുകയും ഖുർആനെക്കുറിച്ച അറിവില്ലാതിരിക്കുകയും ചെയ്യുകയെന്നത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ ആവശ്യമാണ്. ഖുർആൻ അർഥമറിയാതെ ഓതിയാൽ പ്രതിഫലം കിട്ടുമോ ഇല്ലേ എന്ന ചർച്ച തന്നെ ഭക്തിയിൽ അതിനെ ഒതുക്കുന്ന സാഹചര്യത്തിൽനിന്ന് വരുന്നതാണ്. അതുപോലെ, ജമാഅത്തിനോട് വൈകാരികമായ ബന്ധം ഉണ്ടാവുകയും വൈജ്ഞാനിക അടിത്തറ ഇല്ലാതാവുകയും ചെയ്താൽ അത് ഭാവിയിൽ വലിയ പ്രയാസവും പ്രതിസന്ധിയും സൃഷ്ടിക്കും. ■

sadarvzkd@yahoo.co.in

**അടുത്ത ലക്കത്തിൽ**
**അവസാനിക്കും**